പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3605 26.06.2012 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി.സെക്ഷൻ ആഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര കെ.എസ്.ഇ.ബി.സെക്ഷൻ ആഫീസുകൾ പുതുതായി അനുവദിച്ചു എന്നും ഇതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു എന്നും വെളിപ്പെടുത്തുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 94 സെക്ഷൻ ഓഫീസുകളിൽ 90 എണ്ണം പൂർണ്ണതോതിലും ഒരെണ്ണം ഭാഗികമായും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 സെക്ഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (ബി) | കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സർക്കാർ അനുവദിച്ചതും ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതുമായ എത്ര സെക്ഷൻ ആഫീസുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ; | (ബി) | കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സർക്കാർ പുതുതായി 20 സെക്ഷൻ ഓഫീസുകൾ അനുവദിച്ചതിൽ ആരീക്കാട്, പേരാമ്പ്ര നോർത്ത് എന്നിവ ഒഴികെയുള്ള എല്ലാ സെക്ഷനുകളും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പേരാമ്പ്ര നോർത്ത് സെക്ഷൻ ഭാഗികമായി മാത്രമെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ. |
| (സി) | പേരാമ്പ്രയിൽ പുതുതായി അനുവദിച്ച സെക്ഷൻ ആഫീസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) | പേരാമ്പ്ര നോർത്ത് സെക്ഷൻ ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പേരാമ്പ്രയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷനു വേണ്ടി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടത്തിനോട് ചേർന്ന് പേരാമ്പ്ര സെക്ഷനാഫീസിനും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

[2...

| | | | |
|---|---|---|---|
| (ഡി) | അവിടെജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;എങ്കിൽഏതെല്ലാം തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത്; | (ഡി) | ഉണ്ട്. ഓവർസീയർ, ലൈൻമാൻ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ആഫീസിന്റെ പ്രവർത്തനംകാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ